## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6210**      **02/04/2018-ൽ മറുപടിയ്ക്ക്**

### കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE) - ന്റെ സ്ഥാപനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ. വി. ജോയി<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. റ്റി.വി.രാജേഷ്** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ സഹകരണ വകുപ്പിന്റെ കീഴിലുള്ളതും നിയന്ത്രണ ത്തിലുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ആരോഗ്യ സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കുമോ; | (എ) | ഉണ്ട്. കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ-ആരോഗ്യ സ്ഥാപനങ്ങളുടെ പ്രവർത്തനം നിശ്ചിത ഇടവേളകളിൽ സഹകരണ വകുപ്പ് മന്ത്രി ചെയർമാനും സഹകരണ വകുപ്പ് സെക്രട്ടറി, സഹകരണ രജിസ്ട്രാർ അടക്കമുള്ള ഉദ്യോഗസ്ഥർ അംഗങ്ങളുമായ എക്സിക്യൂട്ടീവ് കമ്മിറ്റി വിലയിരുത്തുന്നുണ്ട്. ഓരോ മൂന്ന് മാസത്തിലൊരിക്കലും പ്രിൻസിപ്പൽമാരുടെ യോഗം വിളിച്ച് ചേർത്ത് വിശദമായ വിലയിരുത്തൽ നടത്തുന്നുണ്ട്. പ്രാദേശിക എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ നിലവിൽ വന്നിട്ടുള്ള കോളേജ് വികസന സമിതികളും ആശുപത്രി വികസന സമിതികളും ചേർന്ന് അതാത് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളും വിലയിരുത്തുന്നുണ്ട്. |
| (ബി) | കോ-ഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE)- ന്റെ സ്ഥാപനങ്ങളെ കാലാനുസൃതമായി നവീകരിക്കു ന്നതിനും, മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കേപ്പിന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കാൻ അദ്ധ്യാപകർക്ക് ഉന്നത നിലവാരമുള്ള പരിശീലനം, വിദ്യാർത്ഥികളുടെ പ്രായോഗിക പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് Industry Institute Interaction പോലെയുള്ള മികച്ച പദ്ധതികൾ വിവിധ ഏജൻസികളുടെ Accreditation/Certification ലഭിക്കുന്നതിനുള്ള പരിപാടികൾ, ലാബുകൾ, ലൈബ്രറികൾ തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ, ലോക ബാങ്ക് സഹായത്തോടെ ആധുനികവൽക്കരിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുകയും KIIFB യിൽ ഇതിനുവേണ്ട സമഗ്ര പദ്ധതികൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പുന്നപ്ര-സാഗര സഹകരണ ആശുപത്രിയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | സാഗര ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി അടക്കം എല്ലാ വിഭാഗങ്ങളും പ്രവർത്തന സജ്ജമാക്കുകയും അതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കുകയും ചെയ്തു. കാത്ത് ലാബ് പ്രവർത്തന സജ്ജമാക്കിയതിനെ തുടർന്ന് ആൻജിയോഗ്രാം, ആൻജിയോ പ്ലാസ്റ്റി തുടങ്ങിയവ ആരംഭിക്കുകയും ഓപ്പൺ ഹാർട്ട് സർജറി കാലതാമസം കൂടാതെ തുടങ്ങാൻ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു. RSBY പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കി. കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി. ഡയാലിസിസ് ടെക്നീഷ്യൻ ഡിപ്ലോമ കോഴ്സ് ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. അടിസ്ഥാന വികസനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. മേൽനോട്ടത്തിനായി സ്ഥലം എം.എൽ.എ ചെയർമാനായ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ